# രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്

കേരള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നടപടിക്രമം
(ഹാജർ : എം.ജി. രാജമാണിക്യം ഐ എ എസ്.)

**വിഷയം** : **ഈരാറ്റുപേട്ട സബ് രജിസ്ട്രാർ ഓഫീസിലെ 01.04.2011 മുതൽ 29.02.2012 വരെ കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടിലെ പാർട്ട് 1 ബി ഇനം (2) നം. ദക്ഷിണമദ്ധ്യമേഖലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ നല്കിയ ഉത്തരവിനെതിരെ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ശ്രീ. ആർ. ഗോപകുമാർ നൽകിയ അപ്പീൽ അനുവദിച്ച് ഉത്തരവാകുന്നു.**

**പരാമർശം** : 1. **ദക്ഷിണമദ്ധ്യമേഖലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ 17.01.2013 ലെ ഡി. 4-252/12-ാം നമ്പർ ഉത്തരവ്**

2. **ദക്ഷിണമദ്ധ്യമേഖലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ 10.4.2013 ലെ ഡി. 4-252/12-ാം നമ്പർ കത്ത്.**

**ഉത്തരവ് നമ്പർ : ആർ. ആർ. 2-13143/2013, തിരുവനന്തപുരം, തീയതി 30.07.2013**

ഈരാറ്റുപേട്ട സബ് രജിസ്ട്രാർ ഓഫീസിലെ 01-04-2011 മുതൽ 29-02-2012 വരെ കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടിലെ പാർട്ട് 1 ബി ഇനം (2) നം. ദക്ഷിണമദ്ധ്യമേഖലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ നൽകിയ ഉത്തരവിനെതിരെ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഗോപകുമാർ പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പാർട്ട് 1 ബി ഇനം (2) ആധാര നമ്പർ 1188/2011 : 15,30,000/- രൂപയുടെ കൂട്ടവകാശ ഒഴുവുകുറി യാധാരത്തിൽ സഹോദരങ്ങൾ (1, 2,3 കക്ഷികൾ) ഒഴിയുന്ന അവകാശത്തിന് കേരള മുദ്രപ്പത്ര നിയമം പട്ടിക ആർട്ടിക്കിൾ 48(a) പ്രകാരം 1 ശതമാനം മുദ്രയും മരിച്ചുപോയ സഹോദരന്റെ ഭാര്യയും മക്കളും (4, 5, 6 കക്ഷികൾ) ഒഴിയുന്ന അവകാശത്തിൽ ടി നിയമം പട്ടിക ആർട്ടിക്കിൾ 48 (b) പ്രകാരം 7 ശതമാനം മുദ്രയും രജിസ്ട്രേഷൻ ഫീസ് പട്ടിക ആർട്ടിക്കിൾ 1 (a) (1)& 1(e) പ്രകാരം 2 ശതമാനം നിരക്കിൽ ഫീസും ഈടാക്കേണ്ടിയിരുന്നു. 1, 2, 3 കക്ഷികളുടെ അവകാശത്തിന്റെ വില 12,15,000/- രൂപ, 4,5,6 കക്ഷികളുടെ അവകാശത്തിന്റെ വില 3,15,000/- ഈടാക്കേണ്ട മുദ്ര 12150+22050=34200/-, ഈടാക്കിയ മുദ്ര 15500/- കുറവു മുദ്ര 18700/-, ഈടാക്കേണ്ട ഫീസ് 12150+6300+12=18462, ഈടാക്കിയ ഫീസ് 15312/- കുറവ് ഫീസ് 3150/- എന്നതാണ് അപ്പീലിനാസ്പദമായ റിമാർക്ക്.

കുറവ് തുക മുതൽവെച്ച് റിപ്പോർട്ട് ചെയ്യാൻ പരാമർശം (1) പ്രകാരം രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഉത്തരവായി. മാതാവിന്റെ മരണശേഷം പിന്തുടർച്ചാവകാശികളും സഹോദരങ്ങളായ 1, 2, 3 കക്ഷികളും മരിച്ചു പോയ ഒരു സഹോദരന്റെ അനന്തിരാവകാശികളും ചേർന്ന് മറ്റൊരു സഹോദരന് വസ്തുവിലെ തങ്ങളുടെ അവകാശം ഒഴിഞ്ഞുകൊടുക്കുന്നതാണെന്നും 2011-ലെ ഫിനാൻസ് ആക്ടിൽ കുടുംബം എന്നാൽ അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, ചെറുമക്കൾ, സഹോദരൻ, സഹോദരി, മരിച്ചു പോയ മക്കളുടെ നിയമാനുസൃത അവകാശികൾ എന്നു ചേർത്തിട്ടുണ്ടെന്നും മരിച്ചു പോയ മകൻ ജീവിച്ചിരുന്നുവെങ്കിൽ അയാൾക്കു ലഭിക്കുമായിരുന്ന ആനുകൂല്യം അയാളുടെ അനന്തരാവകാശികൾക്കും ലഭിക്കുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് 2011 ലെയും 2012ലെയും ഫിനാൻസ് ആക്ടിൽ ധനനിശ്ചയം ഒഴിവുകുറി, ഭാഗപത്രം എന്നിവയ്ക്ക് സർക്കാർ ഇളവ് പ്രഖ്യാപിച്ചതെന്നും അതിനാൽ ടി റിമാർക്കുപ്രകാരം മുദ്രയും ഫീസും ഈടാക്കുന്ന പരാമർശം (1) ഉത്തരവിൽ നിന്നും ഒഴിവാക്കണമെന്നും ബന്ധപ്പെട്ട സബ് രജിസ്ട്രാർ അപേക്ഷിച്ചിരിക്കുന്നു.

Scanned by CamScanner

റിമാർക്ക് നിലനില്ക്കുന്നുവെന്ന് ജില്ലാ രജിസ്ട്രാറും രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലും പുനരഭിപ്രായം രേഖപ്പെടുത്തി. അപ്പീലിനാസ്പദമായ പാർട്ട് 1 ബി ഇനം (2) റിമാർക്കും 1188/2011-ാം നമ്പർ ആധാരവും അനുബന്ധരേഖകളും പരിശോധിച്ചു.

1) പ്രിൻസ് ജോസഫ് , 2) ജോജോ ജോസഫ്, 3) മനു ജോസഫ് എന്നിവർ തങ്ങളുടെ സഹോദരനും, 4) ബീനാറോയി തന്റെ ഭർത്തൃ സഹോദരനും 5) നിതിൻ റോയി, 6) നിധി റോയി എന്നിവർ തങ്ങളുടെ പിതൃസഹോദരനുമായ ജോഷി ജോസഫ് പേർക്ക് എഴുതിക്കൊടുക്കുന്ന കൂട്ടവകാശഒഴിവുകുറിയാണ് റിമാർക്കിൽ ബഹു. കേരള ഹൈക്കോടതി WP(C) 18855/12 നമ്പർ കേസിന്മേൽ 19.10.2012 ൽ പുറപ്പെടുവിച്ച ഉത്തരവും അതിന്മേലുള്ള WA 2222/12 നമ്പർ റിട്ട് അപ്പീലിന്മേലുള്ള 01.03.2013 ലെ ഉത്തരവ്, ടി ഉത്തരവിന്മേൽ സർക്കാർ നല്കിയ 15.06.2013 ലെ 1309/ഇ2/13/ ടി.ഡി. നമ്പർ സ്പഷ്ടീകരണം എന്നിവയ്ക്ക് വിധേയമായി മരിച്ചുപോയ സഹോദരങ്ങളുടെ മക്കളും കുടുംബത്തിന്റെ നിർവ്വചനത്തിൽ വരുമെന്നു കണ്ട് പരാമർശം (1) ഉത്തരവിന്മേലുള്ള സബ് രജിസ്ട്രാറുടെ അപ്പീൽ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

Scanned by CamScanner